ഉത്തരം

(എ) 10 കാറുകൾ ഉണ്ട്.

(ബി) കാറുകളൊന്നുംതന്നെ അവിടത്തെ ഉദ്യോഗസ്ഥർക്ക് വിട്ടു കൊടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

## പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

33(771) ശ്രീ. ജോസ് ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ; ഇത്തരം അപേക്ഷകളിൽ എത്രയും പെട്ടെന്ന് തീർപ്പു കല്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കമ്മീഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ 31-1-2000-ലെ കണക്കനുസരിച്ച് 1257 തസ്തികകളുടെ 8119192 അപേക്ഷകൾ തെരഞ്ഞെടുപ്പു പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലായുണ്ട്. വർഷങ്ങളായി കെട്ടിക്കിടക്കുന്ന ജോലി ചെയ്തു തീർക്കുന്നതിന് ഒരു അഡിയർ ക്ലിയറൻസ് സെൽ രൂപീകരിക്കുന്നതിനും ഇതിലേയ്ക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കെൽട്രോൺ മുഖേന പി.എസ്.സി. ഓഫീസ് ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്. കൂടുതൽ സ്റ്റാഫിനെ നിയമിക്കണമെന്ന പി.എസ്.സി. യുടെ നിർദ്ദേശവും സർക്കാർ പരിശോധിച്ചു വരുന്നു കൂടാതെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭരണ പരിഷ്കാര കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസുകളിലും ഏർപ്പെടുത്തുന്നതാണ്.

## ബഹുരാഷ്ട്ര കമ്പനികളുടെ നിക്ഷേപം

34(772)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ വിദേശയാത്രാ വേളകളിൽ ഏതെങ്കിലും ബഹുരാഷ്ട്ര കമ്പനിയുമായി ബന്ധപ്പെട്ടിരുന്നുവോ; എങ്കിൽ ഏതെല്ലാം കമ്പനികളുമായാണ് ബന്ധപ്പെട്ടതെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെങ്കിലും കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്താമെന്ന് സമ്മതിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികൾ;

(സി) ഇതിൽ ഏതെങ്കിലും കമ്പനി ഏതെങ്കിലും നിക്ഷേപം ഇതിനുള്ളിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതിക്ക് എത്ര സംഖ്യ വീതമാണ് നിക്ഷേപം നടത്തിയിട്ടുള്ളതെന്ന് പറയുമോ;

(ഡി) ഈ കമ്പനികൾ ഇതുവരെ നിക്ഷേപമൊന്നും നടത്താത്ത പക്ഷം നിക്ഷേപം നടത്താനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ)-(ഡി) അമേരിക്കയിലെ ഹൈമെറ്റൽ പ്രൊഡക്ഷൻ കമ്പനിയുടെ പ്രസിഡന്റ് മുഖ്യമന്ത്രിയുമായി കേരളത്തിൽ മൂലധന നിക്ഷേപം നടത്തുന്ന കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്തു. കാനഡയിലെ M/s SNC Lavalin എന്ന കമ്പനിയുടെ പ്രസിഡന്റായ Mr. Jaeqnes Lamavne സീനിയർ വൈസ് പ്രസിഡന്റായ Mr. Klans Triandl- തുടങ്ങി മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി മുഖ്യമന്ത്രിയും വൈദ്യുത മന്ത്രിയും മറ്റ് ഡെലിഗേഷൻ അംഗങ്ങളും ചർച്ചകൾ നടത്തി വൈദ്യുതി വികസന കാര്യങ്ങളും കാൻസർ ഹോസ്പിറ്റൽ സംബന്ധിച്ച കാര്യങ്ങളുമാണ് പ്രധാനമായും ചർച്ച ചെയ്തത്. നിർദ്ദിഷ്ട മലബാർ ക്യാൻസർ സെന്റർ തലശ്ശേരിയിൽ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് SNC Lavalin - കമ്പനിയുടെ ആർക്കിടെക്ട്സും മറ്റ് ഓഫീസർമാരും മുഖ്യമന്ത്രിയുമായി ചർച്ച നടത്തി. ക്യാൻസർ സെന്ററിന് 100 കോടി രൂപ വരുന്ന തുകയുടെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പദ്ധതിയിൽ ക്യൂബക് ഗവൺമെന്റും പങ്കാളികളാവുന്നതാണ്.

100 കോടി രൂപ ചെലവിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ക്യാൻസർ സെന്ററാണ് വിഭാവനം ചെയ്തിരിക്കുന്നത്. കാനഡ, ക്യൂബക് ഗവൺമെന്റുകളും കാനഡയിലേയും മറ്റിടങ്ങളിലേയും രാഷ്ട്രീയാന്തരാഷ്ട്ര ഏജൻസികളും ചേർന്ന് പദ്ധതിക്കുവേണ്ട തുക സ്വരൂപിക്കും. കപ്പൽ, ഫോവർ ക്രാഫ്റ്റ് നിർമ്മാതാക്കളായ ഫൈക്ക് മെറ്റൽ പ്രൊഡക്ട്സ് ലിമിറ്റഡിന്റെ പ്രസിഡന്റ് ആൻഡി സ്റ്റാന്റൺ മുഖ്യമന്ത്രിയെ സന്ദർശിച്ചു ചർച്ച നടത്തി. മുഖ്യമന്ത്രിയും സംഘവും എസ്.എൻ.സി, ലാവലിന്റെ ഓഫീസ് സന്ദർശിക്കുകയും കമ്പനി പ്രസിഡന്റ് ജാക്കസ് ലാമെയറുമായി ചർച്ചയുടെ ഫലമായി വൈദ്യുതി രംഗത്തെപ്പോലെ മറ്റു മേഖലകളിലും സംസ്ഥാന സർക്കാരുമായി സഹകരിക്കാൻ കമ്പനി മേധാവി സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

കണ്ണൂരിൽ വിമാനത്താവളം നിർമ്മിക്കുന്നതിന്റെ പ്രവർത്തനങ്ങളിൽ സഹകരണവും സാമ്പത്തിക സഹായവും തേടി മുഖ്യമന്ത്രിയും സംഘവും പാരീസിലെ തോംസൺ ജി.എസ്.എഫ്. എയർ സിസ്റ്റം സന്ദർശിച്ചു.

മിറ്റ്സുയി എന്ന ജാപ്പാനീസ് സ്ഥാപനവുമായി സഹകരിച്ച് കണ്ണൂർ വിമാനത്താവളത്തിനുവേണ്ട സാങ്കേതിക സാമ്പത്തിക സഹായം നൽകാൻ തയ്യാറാണെന്ന് ലോക പ്രശസ്ത വ്യോമയാന സ്ഥാപനമായ തോംസൺ സി.എസ്.എഫ്. എയർ സിസ്റ്റംസ് അധികൃതർ അറിയിച്ചു.

പൊൻമുടിയിൽ വൻകിട മിനറൽ വാട്ടർ പ്ലാന്റും തിരുവന്തപുരത്തെ അപ്പാരൽ പാർക്കിൽ ഗാർമെന്റ് യൂണിറ്റും ഡിസൈൻ സെന്റും സ്ഥാപിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ഇറ്റാലിയൻ വ്യവസായികളുമായി ചർച്ച നടത്തുകയും അവർ അതിന് സന്നദ്ധരാവുകയും ചെയ്തു.

ആൽപ്സ് പർവ്വത നിരകളിൽനിന്ന് മിനറൽ വാട്ടർ ശേഖരിച്ച് കുപ്പി കളിലാക്കി വൻതോതിൽ കയറ്റുമതി ചെയ്യുന്ന "ലാറ്റാന" കമ്പനി മുഖ്യമന്ത്രി സന്ദർശിച്ചു. ഈ കമ്പനിയിൽ മുഴുവൻ ജോലിയും യന്ത്രങ്ങളാണ് ചെയ്യപ്പെടുന്നത്. പൊൻമുടിയിൽ ഇതുപോലുള്ള പ്ലാന്റിന് പണം മുടക്കാൻ തയ്യാറാണെന്ന് കമ്പനിയുടെ പ്രസിഡന്റ് ടെറെസിയോ റോസല്ലോ അറിയിച്ചു.

തിരുവനന്തപുരത്തെ ഇന്റർ നാഷണൽ അപ്പാരൽ പാർക്കിൽ വൻകിട ഗാർമെന്റ് യൂണിറ്റ് തുടങ്ങാൻ "ഇന്റർ ട്രെയ്ഡ് സപ്ലൈ സിസ്റ്റംസ് ആന്റ് സർവ്വീസസ് " എന്ന സ്ഥാപനത്തിന്റെ ഉടമ മലയാളിയായ റോണി സൈമ ണാണ് മുന്നോട്ടു വന്നിട്ടുള്ളത്. ഇറ്റാലിയൻ ടെലികോം വകുപ്പ് കേരളത്തിൽ ട്രെയിനിംഗ് സെന്റർ തുടങ്ങുവാൻ തയ്യാറാണെന്നറിയിച്ചു. കൊച്ചിയിലെ അന്താരാഷ്ട്ര വ്യവസായ പാർക്കിൽ ഭക്ഷ്യസംസ്കരണ യൂണിറ്റ് തുടങ്ങാ മെന്ന് പെട്രാനിസ്പാം ഫുഡ് ഡിവിഷൻ ഡയറക്ടർ ഡോ.പൗളോസോൺ സെല്ലി മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

ഇറ്റാലിയൻ കമ്പനിയായ കോർസോൾസിയോ അഗ്രിയോള ഒലിവ് ഓയിൽ അടിസ്ഥാനമാക്കി വ്യവസായം തുടങ്ങുവാൻ മുന്നോട്ട് വന്നിട്ടുണ്ട്.

## പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം

35(773)ശ്രീ. എ.കെ. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസിദ്ധീ കരിച്ച പി.എസ്.സി. ലിസ്റ്റുകളിൽ നിന്നും ആരേയും നിയമിക്കാത്തതായിട്ടു ള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളിലാണ് ഇപ്രകാരമുണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) ആരേയും നിയമിക്കാതിരിക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

## സംഘടനയുടെ അംഗീകാരം റദ്ദാക്കാൻ നടപടി

36 (774) ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിൽ 77 (എ) നോട്ട് ഒന്നിൽ പറയുന്ന വിഷയങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പെരുമാറ്റ ചട്ടത്തിൽ ക്ലാസ് ഒന്ന്, രണ്ട് ജീവനക്കാർ, ക്ലാസ് മൂന്ന് ജീവനക്കാരുടെ സംഘടനയുടെ അംഗമോ ഭാരവാഹിയോ ആകാൻ പാടില്ല എന്ന് പറയുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly